ഏപ്രിൽ 1 മുതൽ 10 വരെ

ദേശീയ പുസ്തകോത്സവം 2017

സാംസ്കാരികോത്സവം

# എഴുത്തരങ്ങ്

കേരള സാഹിത്യ അക്കാദമി

വാർത്താപത്രിക 3

കേരള സർക്കാർ
സാംസ്കാരികവകുപ്പ്





നാരായൻ

ഏപ്രിൽ 5 ബുധൻ

04:30



സാറാജോസഫ്

ഏപ്രിൽ 6 വ്യാഴം

04:30



ഹിന്ദുസ്ഥാനി ബാംസുരി

ഹിമാംശു നന്ദ

ഏപ്രിൽ 6 വ്യാഴം 07:00

# വായനായനം!



സി.രാധാകൃഷ്ണൻ

പുസ്തകങ്ങൾ മൂന്നുതരത്തിലെന്ന് ജോൺ റസ്കിൻ എന്ന ജ്ഞാനി : ഇന്നത്തെ പുസ്തകം, ഇക്കാലത്തെ പുസ്തകം, എക്കാലത്തെയും പുസ്തകം. ഒരിക്കൽ വായിക്കേണ്ടത്, എന്നും വായിക്കേണ്ടത്, എല്ലാ തലമുറയും വായിക്കേണ്ടത് എന്നും പറയാം.

പരീക്ഷ ജയിക്കാൻ മാത്രമായി വായിക്കുന്നത് വായനയല്ല. അതൊരു പെടാപ്പാട് തന്നെ. വായനയാണെങ്കിലത് രസിച്ചും സന്തോഷിച്ചും വേണം, ശപിച്ചും വെറുത്തുമായിക്കൂടാ. നല്ല ദാമ്പത്യവും ചീത്ത ദാമ്പത്യവും തമ്മിലുള്ള അന്തരംതന്നെ ഇതിലും ഉള്ളത്.

പുസ്തകം സുഹൃത്തും ഗുരുവും കലാലയവും എല്ലാമായിരിക്കുന്ന വായന ധന്യധന്യമാണ്. ഗ്രന്ഥാലയങ്ങൾ അതിനാൽ സുഖവാസ കേന്ദ്രങ്ങളത്രെ. പുസ്തകോത്സവങ്ങൾ മഹാപൂരങ്ങളും.

കേരളീയത എന്ന സംസ്കൃതിയും മനോഗതിയും നിലവിൽ വന്നത് ഇതഃപര്യന്തമുള്ള വായനയിൽ നിന്നാണ്. ഈ പുസ്തകപ്പൂരവും സംസ്കാരനിർമിതിക്ക് മാറ്റുകൂട്ടുമെന്ന് നിശ്ചയം.

ആർക്കും കടന്നുവരാം, ഇഷ്ടപ്പെട്ട പ്രണയികളെ കൂട്ടിക്കൊണ്ടുപോകാം!

നല്ല വായനായനം! ■

---

# സർഗാത്മകമായ വായന



കെ.ഇ.എൻ.
അക്കാദമി നിർവാഹകസമിതിയംഗം

വായന നഷ്ടപ്പെട്ടു എന്നൊന്നും പറയാൻ സാധിക്കില്ല. വായിക്കുന്നില്ലയെന്ന് പറയുമ്പോഴും, അല്ലെങ്കിൽ വായിക്കുന്നില്ലെന്ന് വിചാരിക്കുന്നവർപോലും ഏതൊക്കെയോ തലങ്ങളിൽ വായിച്ചുകൊണ്ടിരിക്കുക തന്നെയാണ്. വായനയുടെ ഒരു വികസിതരൂപമായി ദിവാസ്വപ്നങ്ങളെ പരിഗണിക്കാവുന്നതാണ്. ദിവാസ്വപ്നം ഒരു പരിധി വരെ ബോധപൂർവമാണ്. വിപണിയിൽപെട്ടുപോയ മനുഷ്യന് ദിവാസ്വപ്നങ്ങളുടെ ഊന്നൽ ആവശ്യമായി വരും. പലതരത്തിലുള്ള വായനയുടെ സമാഹാരമാണ് ദിവാസ്വപ്നം.

സാധാരണഗതിയിൽ അലസതയുടെ അടയാളമായിട്ടാണ്, നിഷ്ക്രിയതയുടെ ആവിഷ്കാരമായിട്ടാണ് വായനയെ കണ്ടുവരാറുള്ളത്. ജീവിതത്തിനോടുള്ള സൂക്ഷ്മശ്രദ്ധയും വായനയായിട്ടാണ് പരിഗണിക്കേണ്ടത്. അക്ഷരകേന്ദ്രീകൃതമായ പുസ്തകവായന സാമൂഹികമായ അർത്ഥത്തിൽ സർഗാത്മകമെന്ന് പറയാൻ ബുദ്ധിമുട്ടാണ്. പുസ്തകലോകത്തുനിന്നും പൊതുപ്രവർത്തനലോകത്തേക്ക് വികസിക്കുമ്പോൾ ആ വായന സർഗാത്മകമാവും. പൊതുപ്രവർത്തനത്തിന്റെ അടിസ്ഥാനത്തിലുള്ള ആദർശങ്ങളുടെയും സ്വപ്നങ്ങളുടെയുമൊക്കെ ഒരു പശ്ചാത്തലത്തിൽ വികസിച്ചുവരേണ്ടതാണ് വായന.

പ്രകൃതിയും മനുഷ്യനും, മനുഷ്യനും മനുഷ്യനും, മനുഷ്യനും സസ്യജന്തുജാലങ്ങളും തമ്മിലുള്ള ബന്ധത്തെ പ്രാഥമികമായി അഭിമുഖീകരിക്കാനുള്ള പരിശ്രമത്തിലാണ് നമ്മുടെ കാലത്തെ വായന പ്രസക്തമാവുന്നത്. വായനയിൽ വിശകലനം, വ്യാഖ്യാനം, വിമർശനം എന്നിവ വളരെ പ്രാധാന്യമുള്ളതാണ്. അതെ-അല്ല, ശരി-തെറ്റ്, കറുപ്പ്-വെളുപ്പ് എന്നിങ്ങനെയുള്ള കള്ളികളിലേക്ക് വായനയെ ചുരുക്കരുത്. സങ്കീർണമായ മനുഷ്യജീവിതപ്രശ്നങ്ങളിൽ ഇടപെടുമ്പോഴാണ് വായന വിമോചനാത്മകമായ തലങ്ങളിലേക്കുയരുന്നത്. ■



# വേണം, സാംസ്കാരികവായനകൾ

പ്രൊഫ.എം.എം.നാരായണൻ
അക്കാദമി നിർവാഹകസമിതിയംഗം

പുസ്തകങ്ങളുടെ ഉൽപാദനവും വിതരണവും നാൾക്കുനാൾ വർധിക്കുകയാണ്. പുസ്തകപ്രസാധനം താരതമ്യേന വളരെ എളുപ്പമാണ് ഇക്കാലത്ത്. ആരുടെയും ആശ്രയമില്ലാതെ ആർക്ക് വേണമെങ്കിലും ഇന്ന് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനാവും. എഴുത്തുകാരും പ്രസാധകരും പുസ്തകങ്ങളും പെരുകുമ്പോഴും വായന മരിക്കുന്നുവെന്ന് പറയുന്നത് വിചിത്രമാണ്.

നവമാധ്യമങ്ങളുടെ കാലത്ത് അച്ചടി പിറകിലേക്ക് തള്ളപ്പെടുന്നു. ഈ മാറ്റം പുസ്തകവായനയെ കാര്യമായി സ്വാധീനിച്ചിട്ടുണ്ട് എന്നത് ശരി തന്നെ. സാഹിത്യപുസ്തകങ്ങളുടെ വായനയാണ് ഇക്കാലത്ത് കുറയുന്നത്. ഇന്നത്തെ കാലത്ത് ഏറ്റവും ചെലവാകുന്നത് ആരോഗ്യം, പാചകം, പരിസ്ഥിതി എന്നീ വിഷയങ്ങളിലുള്ള പുസ്തകങ്ങളാണ്. മനുഷ്യരാശിയുടെ ആവശ്യങ്ങൾക്ക് അനുസൃതമായ പുസ്തകങ്ങളാണ് അവർ വായനക്ക് തെരഞ്ഞെടുക്കുന്നതെന്ന് ചുരുക്കം. ഇതുതന്നെയാണ് ഇന്നത്തെ കാലത്തെ വായനാവൈവിധ്യത്തിന്റെ അടിസ്ഥാനം.

മാനവികത, ദേശീയത, സമത്വം ഇവയെല്ലാം ചർച്ചാവിഷയമാക്കുന്ന സാംസ്കാരികവായനയാണ് ഇന്നാവശ്യം. എന്നാൽ വ്യക്തികളുടെ അഭിരുചികളെ കമ്പോളത്തമ്പുരാക്കന്മാർ ഇഷ്ടാനുസരണം വാർത്തെടുക്കുകയാണ്. അവരുടെ താൽപര്യങ്ങൾക്കനുസൃതമായി അഭിപ്രായങ്ങളെ അടിച്ചേൽപിക്കുകയാണ്. മനുഷ്യർക്ക് പാർക്കാൻ ഒരിടം എന്നതാണ് സാഹിത്യം. മനുഷ്യാലയം നിർമിക്കുക എന്നതാണ് എഴുത്തിന്റെ വിജയം.

പുസ്തകങ്ങൾ വർധിക്കുന്നുണ്ട് എന്നതല്ല, നല്ല പുസ്തകങ്ങൾ കുറയുന്നു എന്നതാണ് കൂടുതൽ ശരി. നല്ല പുസ്തകങ്ങൾ ഉണ്ടെങ്കിൽതന്നെ അത് വായനക്കാരിലെത്തുന്നില്ല എന്ന അവസ്ഥയും നിലനിൽക്കുന്നു.

അധികാരത്തെ എതിർക്കുമ്പോഴും കലാപത്തിന് തുടക്കം കുറിക്കുമ്പോഴും മുറകളെ ലംഘിക്കുമ്പോഴുമാണ് സാഹിത്യവിമർശനം പൂർണമാവുന്നത്. അക്ഷരങ്ങൾക്കുള്ളിൽ ഒളിപ്പിച്ചുവെച്ച എഴുത്തുകാരന്റെ മൗനങ്ങളെ കണ്ടെത്തുന്നവരാണ് യഥാർത്ഥ വായനക്കാരൻ. അതുകൊണ്ടാണ് ഒരു കൃതിയിൽ പല അർത്ഥതലങ്ങൾ കണ്ടെത്താനാവുന്നത്. ഉടലിനപ്പുറം ആത്മാവിലേക്ക് പ്രവേശിക്കുന്നതാണ് വായന. ■





# വായനയുടെ ജീവിതങ്ങൾ

ഡോ.ഡി.ബാബുപോൾ

എന്നാണ് ഏതെങ്കിലും അക്ഷരം അക്ഷരമാണെന്ന് തിരിച്ചറിഞ്ഞത് എന്ന് ഓർമ വരുന്നതേയില്ല. സാമാന്യം നല്ല ഓർമശക്തിയുള്ള ആളാണ് ഞാൻ. ആ ബോധ്യം അഹങ്കാരമായി വളർന്നപ്പോൾ അരമുക്കാൽ മണിക്കൂറാണ് എനിക്ക് നഷ്ടപ്പെട്ടത്. ഓർത്തെടുത്തേ തീരൂ എന്ന് ഞാൻ, പിടി തരികയില്ല എന്ന് ഓർമയും. ഒടുവിൽ കീഴടങ്ങാൻ നിശ്ചയിക്കുകയാണ്.

മനസ്സിൽ തങ്ങിനിൽക്കുന്ന ആദ്യത്തെ താളിൽ ഒരു കാക്കയുടെ ചിത്രം ഉണ്ടായിരുന്നു. അടുത്ത് ഒരു വലിയ കൽഭരണിയും. കഥ മനസ്സിലായല്ലോ? ഇപ്പോഴത്തെ കുട്ടികളും ആ കഥ പഠിക്കുന്നുണ്ടോ ആവോ. ഉണ്ടെങ്കിൽതന്നെ വൺസപ്പോണേ ടൈം ദെയർ വാസ് എ ക്രോ എന്നായിരിക്കുമല്ലോ.

ബാലസാഹിത്യം എന്ന് പറയാവുന്ന ഇനം ഏറെ ഇല്ലാതിരുന്ന കാലത്താണ് ഞാൻ ബാലൻ ആയിരുന്നത്. ആലുവായിൽനിന്ന് പുറപ്പെട്ടിരുന്ന ഒരു 'ബാലമിത്രം' മാത്രം ആയിരുന്നു ലഭ്യം. അത് വായിച്ചാവണം പാഠപുസ്തകങ്ങൾക്ക് പുറത്തുള്ള അച്ചടിലോകം പരിചയപ്പെട്ടത്. എട്ട് വയസ്സിൽ ഒരു ചെറിയ ഉപന്യാസം അവർ പ്രസിദ്ധപ്പെടുത്തിയതോടെ ഞാൻ ഒരു എഴുത്തുകാരനും ആയി. 2019-ൽ എഴുപത് കൊല്ലം തികയുമെന്ന് പെട്ടെന്ന് ഓർത്തുപോവുന്നത് ഇനിയും നല്ല വായനക്കാരനോ നല്ല എഴുത്തുകാരനോ ആയില്ലല്ലോ എന്ന നിരാശകൊണ്ട് ആവണം. എങ്കിലും, രണ്ടും തുടരുന്നു ഈ എഴുപത്തിയാറാം വയസ്സിലും എന്നത് ദൈവാധീനംതന്നെ.

നമ്മുടെ വായന നമുക്കൊപ്പം വളരുന്ന ഒരു സംഗതിയാണ്. മലർന്ന് കിടന്ന് പല്ലില്ലാത്ത മോണ കാട്ടി ചിരിക്കുന്ന കാലത്തുനിന്ന് അങ്ങനെതന്നെ ഉള്ള മറ്റൊരു കാലത്തേക്കുള്ള യാത്രയാണല്ലോ ജീവിതം. അതിനിടെ നാമെന്തെല്ലാം അവസ്ഥകളിലൂടെയാണ് കടന്നുപോവുന്നത്. വായനയും അങ്ങനെതന്നെ. സിൻബാദിന്റെ കഥ, വല്ലച്ചിറ മാധവന്റെ കഥ, മുട്ടത്ത് വർക്കിയുടെ കഥ, തകഴിയുടെ കഥ, എംടിയുടെ കഥ, സേതുവിന്റെ കഥ... ഇങ്ങനെ ഒരു വഴി. ദൈവമേ കൈതൊഴാം, കാക്കേ കാക്കേ കൂടെവിടെ എന്ന് തുടങ്ങി സച്ചിദാനന്ദനിലും കെ.ജി.ശങ്കരപ്പിള്ളയിലും എത്തുന്ന വേറൊരു വഴി. ഒരിടത്തും നിശ്ചലത ഇല്ല. നിശ്ചലത മരണമാണ്. അതുകൊണ്ട് നമുക്ക് വായിച്ചുകൊണ്ടേയിരിക്കാം. ■



# പുസ്തകോത്സവം നിറസാഫല്യത്തിലേക്ക്...

അക്ഷരങ്ങളെ സ്നേഹിക്കുന്നവർക്ക് അത്യപൂർവമായ വിരുന്നൊരുക്കുന്ന പുസ്തകോത്സവം ഏതാനും നാളുകൾ പിന്നിടുമ്പോൾ, അക്കാദമി മുറ്റത്ത് സഹൃദയരുടെ വലിയ തിരക്ക് അനുഭവപ്പെടുന്നു. പുസ്തകങ്ങൾ കാണാനും ഓമനിക്കാനുമെത്തുന്നവർ ഏറെ. പുസ്തകങ്ങൾ സ്വന്തമാക്കി മടങ്ങുന്നവരുമേറെ. കാത്തിരുന്ന് വന്നെത്തിയ ഈ അക്ഷരോത്സവത്തെ തൃശൂരിലെ പ്രൗഢമായ ജനാവലി ഹൃദയംകൊണ്ടേറ്റുവാങ്ങുന്നു.

ദേശീയ പുസ്തകോത്സവത്തിന്റെ ആവേശം ഉള്ളിൽ സ്വീകരിച്ചുകൊണ്ട് വന്നെത്തുന്നവർക്ക് എഴുത്തരങ്ങ് സാംസ്കാരികോത്സവം കലാസ്വാദനത്തിന്റെ അവിസ്മരണീയമുഹൂർത്തങ്ങൾ സമ്മാനിക്കുന്നു. രാവിലെ തുടങ്ങുന്ന കലാസാഹിത്യമത്സരങ്ങളിൽ പങ്കെടുക്കാൻ വിദ്യാർത്ഥികൾ രക്ഷിതാക്കൾക്കും അധ്യാപകർക്കുമൊപ്പം വന്നെത്തുന്നു. പുതിയ തലമുറയുടെ സാഹിത്യാവബോധത്തിൽ പുതിയ കൂട്ടിച്ചേർക്കലുകൾ വരുത്തുവാൻ വിവിധ വേദികളുണർന്നിരിക്കുന്നു.

വായന പുറകോട്ടാണെന്ന മുറവിളി കഴമ്പില്ലാത്തതാമെന്ന് വിളിച്ചോതുന്നതാണ് അക്കാദമി അങ്കണത്തിലേക്ക് വന്നെത്തുന്ന സന്ദർശകരുടെ ബാഹുല്യം. വിദ്യാർത്ഥികൾക്ക് ഒഴിവുകാലമാണെന്നത് പുസ്തകോത്സവത്തിലേക്ക് വന്നുചേരുന്നതിന് സൗകര്യമൊരുക്കുന്നു. മധ്യവേനലവധിക്കാലം വായനകൊണ്ട് സമ്പന്നമാക്കാൻ അവർ ഉത്സുകരാണ്. മികച്ച ബാലസാഹിത്യകൃതികളുടെ വലിയൊരു ശേഖരം വിവിധ സ്റ്റോളുകളിൽ ഒരുക്കിയിരിക്കുന്നു. രസകരവും ചിന്തോദ്ദീപകവും വിജ്ഞാനകൗതുകമുണർത്തുന്നതുമായ ബാലസാഹിത്യകൃതികൾ പ്രസിദ്ധീകരിക്കാൻ പ്രസാധകർ നൽകുന്ന മുൻഗണന ശ്ലാഘനീയമാണ്.

'ഓർമകളുണ്ടായിരിക്കണം' സാംസ്കാരിക പ്രദർശനം ലോകയുദ്ധങ്ങളുടെ ഭീകരതയെപ്പറ്റി, സാംസ്കാരികഫാസിസം തല്ലിക്കൊഴിച്ച ചുവന്ന പൂക്കളെപ്പറ്റി ഓർമിപ്പിക്കുന്നു. പെരുമാൾ മുരുകൻ മുതൽ രോഹിത് വെമുല വരെ വേട്ടയാടപ്പെട്ടവരെ സൂചനകളിലൂടെ അവതരിപ്പിക്കുന്നു. കേരളം കടന്നുവന്ന ഇന്നലെകളിലേക്ക് വെളിച്ചം വീശുന്നു. ചിത്രകാരൻ ഗായത്രിയുടെ ഇൻസ്റ്റലേഷനുകളും പെയിന്റിങ്ങുകളും പ്രദർശനത്തെ അർത്ഥദീപ്തമാക്കുന്നു.

പ്രതിഭാശാലികളായ കലാകാരന്മാരുടെ സർഗാവിഷ്കാരങ്ങൾക്ക് അരങ്ങൊരുങ്ങുമ്പോൾ, സാക്ഷ്യം വഹിക്കാൻ സഹൃദയരുടെ നീണ്ട നിര. അവതരണങ്ങൾക്ക് ഉദ്ദേശിച്ച സമയം കഴിഞ്ഞിട്ടും സദസ്സിൽ കാണികളൊഴിയുന്നില്ല. സാംസ്കാരികനഗരിക്ക് ഓർമച്ചെപ്പിൽ സൂക്ഷിക്കാൻ ഒരുപിടി മുന്തിയ സന്ദർഭങ്ങൾ നൽകിക്കൊണ്ട് പുസ്തകോത്സവം അതിന്റെ നിറവാർന്ന സാക്ഷാൽകാരത്തിലേക്ക്... ■




# സവർണരീതിശാസ്ത്രം വേരുറപ്പിക്കുന്നു

## പ്രൊഫ.എം.വി.നാരായണൻ

**അ**പരനെ അവഗണിക്കുക മാത്രമല്ല, ഭീകരമായി ആക്രമിക്കുകയും അടിച്ചമർത്തുകയും ചെയ്യുന്ന പ്രാകൃതമായ സാംസ്കാരികവും രാഷ്ട്രീയവുമായ അവസ്ഥയിലേക്കാണ് ഇന്ത്യ അതിവേഗം സഞ്ചരിച്ചുകൊണ്ടിരിക്കുന്നതെന്ന് പ്രൊഫ.എം.വി.നാരായണൻ പറഞ്ഞു. ദേശീയ പുസ്തകോത്സവത്തോടനുബന്ധിച്ച് നടത്തിയ സംസ്കാരവിമർശം സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സവർണമായ രീതിശാസ്ത്രം സമൂഹത്തിൽ കൂടുതൽ വേരുറപ്പിക്കുന്നത് നാം കാണാതിരുന്നുകൂടാ. വർത്തമാനത്തെ നഷ്ടപ്പെടുത്താതെ തന്നെ ഭൂതകാലത്തിന്റെ നന്മകളെ സ്വീകരിക്കാനും നാം ശ്രമിക്കേണ്ടതുണ്ട്. അതിലൂടെ മാത്രമേ ഈ പ്രതിസന്ധി നേരിടാനാവൂ എന്നും അദ്ദേഹം പറഞ്ഞു.

അക്കാദമി നിർവാഹകസമിതിയംഗം പ്രൊഫ. എം.എം.നാരായണൻ അധ്യക്ഷത വഹിച്ചു. അജു നാരായണൻ, എൻ.അജയകുമാർ എന്നിവർ സംസാരിച്ചു. ഡോ.കെ.പി.മോഹനൻ സ്വാഗതവും പുഷ്പജൻ കനാരത്ത് നന്ദിയും പറഞ്ഞു.

പി.ഭാസ്കരൻ, ഒ.എൻ.വി., യൂസഫലി കേച്ചേരി എന്നിവരെ അനുസ്മരിച്ച് അക്കാദമി നിർവാഹകസമിതിയംഗം ആലങ്കോട് ലീലാകൃഷ്ണൻ പ്രഭാഷണം നടത്തി. തുടർന്ന് തുടി കൾച്ചറൽ ഫോറത്തിന്റെ സഹകരണത്തോടെ ഗാനാർച്ചന നടന്നു. പി.ഭാസ്കരൻ, ഒ.എൻ.വി., യൂസഫലി കേച്ചേരി എന്നിവർക്ക് സമർപ്പണമായി നടത്തിയ ഗാനാർച്ചനയിൽ വിദ്യാധരൻ, വി.ടി.മുരളി, അറയ്ക്കൽ നന്ദകുമാർ, ഡോ.മഹിതാവർമ തുടങ്ങിയവർ പങ്കെടുത്തു. ■



# പഴയ പാട്ടുകൾ എല്ലാവർക്കും പ്രണയം തുറന്നുകൊടുത്തു

## ആലങ്കോട് ലീലാകൃഷ്ണൻ

പ്രണയം എല്ലാവർക്കും തുറന്നുകൊടുക്കാൻ പി.ഭാസ്കരൻ, ഒ.എൻ.വി. തുടങ്ങിയവരുടെ പാട്ടുകൾക്ക് കഴിഞ്ഞുവെന്ന് ആലങ്കോട് ലീലാകൃഷ്ണൻ. കീഴാളജനതയുടെ പാട്ടുകൾ പാടാൻ മേൽജാതിക്കാർ ആദ്യകാലങ്ങളിൽ തയ്യാറായിരുന്നില്ല. പി.ഭാസ്കരന്റെയും മറ്റും പാട്ടുകൾ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ഇല്ലാതാക്കാൻ സഹായിച്ചെന്നും അദ്ദേഹം പറഞ്ഞു. ദേശീയ പുസ്തകോത്സവവേദിയിൽ പി.ഭാസ്കരൻ, ഒ.എൻ.വി., യൂസഫലി കേച്ചേരി എന്നിവരെ അനുസ്മരിച്ച് പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ക്ലാസിക്കൽ ഗരിമയിൽ ഉയർന്നുനിൽക്കുന്ന കവിതകളെഴുതിയ യൂസഫലി കേച്ചേരിയടക്കമുള്ളവർ നാടിന്റെ എളിമയിലേക്ക് ഇറങ്ങിവരുന്ന പാട്ടുകളുമെഴുതി. ഒറ്റപ്പെടലിനെ മറികടക്കാനും ആത്മഹത്യയിൽനിന്ന് രക്ഷനേടാനും ഭാസ്കരന്റെയും ഒ.എൻ.വി.യുടെയും ഗാനങ്ങൾ ഏറെ സഹായിച്ചു. പാട്ടിനിടയിൽ ഫോക്‌ലോർ കയറിവരുന്ന സവിശേഷമായ രചനാരീതി അധഃസ്ഥിത സമൂഹത്തിന്റെ ആത്മചൈതന്യത്തെ പ്രോജ്വലിപ്പിച്ചു. പ്രണയത്തിന്റെ ആത്മസൗന്ദര്യവും നഷ്ടപ്പെടലിന്റെ നീറ്റലും ഗസലിന്റെ ആഴമേറിയ സംസ്കാരത്തിലൂടെ പ്രകാശിപ്പിക്കുവാൻ യൂസഫലിക്ക് കഴിഞ്ഞു. നവോത്ഥാനപരിശ്രമങ്ങളെ കൂടുതൽ ജനകീയമാക്കാനും ഉറങ്ങിക്കിടന്ന ജനതയെ കാലഘട്ടത്തിന്റെ പടവുകൾ കയറാൻ സഹായിക്കാനും കഴിഞ്ഞതാണ് മൂവരുടെയും വലിയ സംഭാവനയെന്ന് ലീലാകൃഷണൻ പറഞ്ഞു. ■




# പാരമ്പര്യസങ്കല്പങ്ങളെ പൊളിച്ചെഴുതി എഴുത്തുകാരിസംഗമം

പുരുഷകേന്ദ്രീകൃതമായ സാമൂഹ്യബന്ധങ്ങളെയും സ്ഥാപനങ്ങളെയും പൊളിച്ചെഴുതാനുള്ള ആത്മരോഷത്തിന്റെ കലാപമുയർത്തുന്നതായി, സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ നടന്ന 'എഴുത്ത് സ്ത്രീ സമൂഹം' എന്ന വിഷയത്തിലുള്ള സെമിനാർ. മതം, ലൈംഗികത, ആവിഷ്കാരം, കുടുംബബന്ധങ്ങൾ, അധികാരമേൽക്കോയ്മ തുടങ്ങിയ വിഷയങ്ങൾ സമഗ്രമായിത്തന്നെ സെമിനാർ ചർച്ചക്കെടുത്തു. അവകാശങ്ങൾ ചോദിച്ചുവാങ്ങാനും പോരടിച്ച് നേടാനും കഴിഞ്ഞതിലൂടെ മാത്രമാണ് ഇന്നത്തെ തോതിലുള്ള സ്ത്രീസ്വാതന്ത്ര്യമെങ്കിലും ലഭ്യമായതെന്ന് സെമിനാറിൽ അഭിപ്രായമുയർന്നു.

പാശ്ചാത്യരാജ്യത്തുനിന്ന് ഇറക്കുമതി ചെയ്തതല്ല ഇവിടെയുള്ള സ്ത്രീസ്വാതന്ത്ര്യമെന്ന് മുഖ്യപ്രഭാഷണം നടത്തിയ സി.എസ്.ചന്ദ്രിക പറഞ്ഞു. രണ്ടുമൂന്ന് തലമുറകളായി സ്ത്രീ എഴുത്തുകാർ പലയളവിൽ സ്ത്രീസ്വാതന്ത്ര്യശേഷിയെ മുന്നോട്ടുനയിച്ചു. കുടുംബം തകർക്കുക എന്നതല്ല സ്ത്രീ എഴുത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും അർത്ഥം. ബദൽകുടുംബം സാധ്യമാണ് എന്നതാണ് എഴുത്തുകാരികൾ ഉയർത്തിപ്പിടിക്കുന്ന മുദ്രാവാക്യം. പുരുഷനെപ്പോലെ സ്ത്രീയെയും സ്ത്രീസ്വാതന്ത്ര്യത്തെയും അംഗീകരിക്കുന്ന ബദൽ കുടുംബസംവിധാനമാണ് വേണ്ടത്. അത്തരം കുടുംബത്തിൽ മാത്രമേ ജനാധിപത്യപരമായ അവകാശവും അംഗീകാരവും യഥാർത്ഥ സമാധാനവും സൗഹാർദ്ദവും എല്ലാവർക്കും ലഭ്യമാവൂ എന്നും ചന്ദ്രിക പറഞ്ഞു.

സെമിനാറിൽ അക്കാദമിയംഗം ബി.എം. സുഹ്റ അധ്യക്ഷത വഹിച്ചു. മൈന ഉമൈബാൻ, എം.ബി.മിനി, കെ.രേഖ, ബിലു പത്മിനി നാരായണൻ, സംഗീത ശ്രീനിവാസൻ, കവിത ബാലകൃഷ്ണൻ, വി.എൻ.അശോകൻ എന്നിവരും സംസാരിച്ചു.

തുടർന്ന്, കെ.വി.ഗണേഷ് രചനയും സംവിധാനവും നിർവഹിച്ച, ഒറ്റപ്പാലം സിഎൻഎൻ നാടകവേദിയുടെ 'വഴുതന' എന്ന നാടകം അരങ്ങേറി. ■



# കവർ രൂപകൽപന, പുസ്തകനിർമിതി, മികച്ച സ്റ്റാൾ എന്നിവക്ക് അവാർഡുകൾ നൽകുന്നു

ദേശീയ പുസ്തകോത്സവത്തോടനുബന്ധിച്ച് മികച്ച കവർ രൂപകൽപന, പുസ്തകനിർമിതി, മികച്ച സ്റ്റാൾ എന്നിവക്ക് അവാർഡ് നൽകുന്നു. പുസ്തകോത്സവത്തിൽ പ്രദർശിപ്പിച്ച പുസ്തകങ്ങളിൽനിന്നാണ് കവർ രൂപകൽപന, പുസ്തകനിർമിതി എന്നിവക്കുള്ള അവാർഡ് നൽകുന്നത്. കവർ രൂപകൽപന, പുസ്തകനിർമിതി എന്നിവയിൽ ഒന്നാംസ്ഥാനക്കാർക്ക് 3,000 രൂപയുടെ ക്യാഷ് അവാർഡും ഫലകവും സാക്ഷ്യപത്രവും രണ്ടാംസ്ഥാനക്കാർക്ക് 2,000 രൂപയുടെ ക്യാഷ് അവാർഡും ഫലകവും സാക്ഷ്യപത്രവുമാണ് നൽകുക. മികച്ച സ്റ്റാളിന് ഒന്നാംസ്ഥാനക്കാർക്കും രണ്ടാംസ്ഥാനക്കാർക്കും ഫലകവും സാക്ഷ്യപത്രവും നൽകും. കവർ രൂപകൽപന, പുസ്തകനിർമിതി എന്നീ വിഭാഗങ്ങളിലേക്ക് രണ്ട് പുസ്തകങ്ങൾ വീതം അപേക്ഷയോടൊപ്പം ഏപ്രിൽ ആറിന് മുമ്പ് അക്കാദമി ഓഫീസിൽ ലഭിച്ചിരിക്കണമെന്ന് അറിയിക്കുന്നു.

# മത്സരവിജയികൾ

## ലളിതഗാനം

പ്ലസ് റ്റു തലത്തിൽ കെ.സി.അർജുൻ (ചിന്മയ വിദ്യാലയ, കോലഴി) ഒന്നാംസ്ഥാനവും പാർവതി മോഹൻ എ. (ചിന്മയ വിദ്യാലയ, കോലഴി) രണ്ടാംസ്ഥാനവും എയ്ഞ്ചൽ ആന്റോ (എസ്.എൻ.എച്ച്.എസ്.എസ്., ഇരിങ്ങാലക്കുട), ലിസ്മ മോഹൻ പി. (ജി.വി.എച്ച്.എസ്.എസ്., ചെർപ്പുളശ്ശേരി) എന്നിവർ മൂന്നാംസ്ഥാനവും നേടി.

കോളേജുതലമത്സരത്തിൽ ജോയ്സ് സുരേന്ദ്രൻ (സെന്റ് അലോഷ്യസ് കോളേജ്, എൽത്തുരുത്ത്) ഒന്നാംസ്ഥാനവും ആതിര പി.ടി. (ജോൺ മത്തായി സെന്റർ, അരണാട്ടുകര) രണ്ടാംസ്ഥാനവും അഹ്നിത പി.എസ്. (എൻ.ഇ.എസ്. കോളേജ്, വലപ്പാട്) മൂന്നാംസ്ഥാനവും നേടി.

## കവിതാലാപനം

പ്ലസ് റ്റു തലത്തിൽ ലിസ്മ മോഹൻ പി. (ജി.വി.എച്ച്.എസ്.എസ്., ചെർപ്പുളശ്ശേരി) ഒന്നാംസ്ഥാനവും അഞ്ജന എം.ജെ. (എസ്.എൻ.എച്ച്.എസ്.എസ്., ഇരിങ്ങാലക്കുട) രണ്ടാംസ്ഥാനവും നീരജ് ശിവദാസ് കെ. (എൽ.ബി.എസ്.എം.എച്ച്.എസ്.എസ്., അവിട്ടത്തൂർ) മൂന്നാംസ്ഥാനവും നേടി.

കോളേജുതലത്തിൽ സ്മൃതി വേണുഗോപാൽ (ഗവ.ലോ കോളേജ്, തിരുവനന്തപുരം) ഒന്നാംസ്ഥാനവും രേഷ്മ കെ.പ്രസാദ് (എസ്.എൻ.എം.കോളേജ്, മാല്യങ്കര) രണ്ടാംസ്ഥാനവും അഞ്ജലി കെ.എം. (സി.യു.ടി.ഇ.സി., അരണാട്ടുകര) മൂന്നാംസ്ഥാനവും നേടി.

# പുസ്തകോത്സവദിനസരി

## ഏപ്രിൽ 6 വ്യാഴം

10:00 **സാഹിത്യക്വിസ്**

03:00 **പുസ്തകപ്രകാശനം** : മാളുബൻ പബ്ലിക്കേഷൻസ്
നോവൽ വിചിന്തനങ്ങൾ (പഠനം) : ഡോ.എം.ലീലാകുമാരി
അധ്യക്ഷത : ഡോ.പി.വി.കൃഷ്ണൻനായർ
പുസ്തകപ്രകാശനം : ഡോ.എസ്.കെ.വസന്തൻ

04:30 **സെമിനാർ : കഥയും ജീവിതവും** : അക്ബർ കക്കട്ടിലിന് സമർപ്പണം
അധ്യക്ഷത : ടി.ഡി.രാമകൃഷ്ണൻ
അനുസ്മരണം : ശത്രുഘ്നൻ
മുഖ്യപ്രഭാഷണം : സാറാ ജോസഫ്
പങ്കെടുക്കുന്നവർ : അഷ്ടമൂർത്തി, സന്തോഷ് ഏച്ചിക്കാനം, ടി.പി.വേണുഗോപാലൻ, എൻ.രാജൻ, ശ്രീലത, എസ്.ഹരീഷ്, ഐസക് ഈപ്പൻ, സോക്രട്ടീസ് വാലത്ത്, ശ്രീജിത്ത് പെരുന്തച്ചൻ.

07:00 **ഹിന്ദുസ്ഥാനി ബാംസുരി** : ഹിമാംശു നന്ദ
പണ്ഡിറ്റ് ഹരിപ്രസാദ് ചൗരസ്യയുടെ ശിഷ്യൻ

## ഏപ്രിൽ 7 വെള്ളി

10:00 **പകർന്നാട്ടം**

03:00 **പുസ്തകപ്രകാശനം** : റെഡ് റോസ് പബ്ലിഷിങ് ഹൗസ്
ആൽഫ്രെഡ് ഹിച്ച്കോക്ക് ഹൊറർ സിനിമകളുടെ കുലപതി (സിനിമ/ജീവചരിത്രം) : രാജൻ തുവ്വാര
കറുത്ത മഞ്ഞ് (നോവൽ) : മിഖായേൽ ബുൾകക്കോവ്
വിവർത്തനം : രാജൻ തുവ്വാര
പുസ്തകപ്രകാശനം : വി.കെ.ശ്രീരാമൻ

04:30 **സെമിനാർ : സമരമുഖങ്ങളിലെ സർഗാത്മകത**
അധ്യക്ഷത : അശോകൻ ചരുവിൽ
മുഖ്യപ്രഭാഷണം : എം.എൻ.കാരശ്ശേരി
പങ്കെടുക്കുന്നവർ : കെ.രാജൻ എംഎൽഎ, എം.എ.റഹ്മാൻ, പ്രൊഫ.ടി.എ.ഉഷാകുമാരി, മങ്ങാട് ബാലചന്ദ്രൻ.

07:00 **നാടകം : ഞാൻ സ്വർഗത്തിൽ** (115 മിനിറ്റ്)
രചന : എൻ.എൻ.പിള്ള
സംവിധാനം : സി.എസ്.പ്രേംകുമാർ
അവതരണം : രംഗചേതന, തൃശൂർ



പിരപ്പൻകോട് മുരളി



കവിയൂർ രാജഗോപാലൻ



ബാബു എം.പാലിശ്ശേരി



പി.എം.കേശവൻനമ്പൂതിരി



കെ.പത്മനാഭൻ



മൂലങ്കുഴി ഭാസ്കരൻ

# കേരള സാഹിത്യ അക്കാദമി ആദരിക്കുന്ന ഗ്രന്ഥശാലാപ്രവർത്തകർ

ദേശീയ പുസ്തകോത്സവത്തോടനുബന്ധിച്ച് കേരളത്തിലെ ആറ് ഗ്രന്ഥശാലാപ്രവർത്തകരെ കേരള സാഹിത്യ അക്കാദമി സമാദരിക്കുന്നു. പിരപ്പൻകോട് മുരളി (തിരുവനന്തപുരം), കവിയൂർ രാജഗോപാലൻ (കണ്ണൂർ), ബാബു എം.പാലിശ്ശേരി (തൃശൂർ), പി.എം.കേശവൻ നമ്പൂതിരി (പാലക്കാട്), കെ.പത്മനാഭൻ (മലപ്പുറം), മൂലങ്കുഴി ഭാസ്കരൻ (എറണാകുളം) എന്നിവരെയാണ് ആദരിക്കുന്നത്. കാൽനൂറ്റാണ്ട് എങ്കിലും നിസ്വാർത്ഥസേവനത്തിന്റെ ചരിത്രമുള്ളവരാണ് ഇവർ. 10,000 രൂപയും പ്രശസ്തിപത്രവും ഫലകവും പൊന്നാടയുമാണ് ആദരസൂചകമായി നൽകുന്നത്. കെ.യു.അരുണൻ എംഎൽഎ, പാലക്കീഴ് നാരായണൻ, ഡോ.കാവുമ്പായി ബാലകൃഷ്ണൻ, അക്കാദമി സെക്രട്ടറി ഡോ.കെ.പി. മോഹനൻ, പബ്ലിക്കേഷൻസ് ഓഫീസർ ഈ.ഡി. ഡേവീസ് എന്നിവരടങ്ങിയ സമിതിയാണ്, നിർദ്ദേശിക്കപ്പെട്ട നൂറിൽപരം പേരുകളിൽനിന്ന് ഈ ആറ് പേരെ തെരഞ്ഞെടുത്തത്.

ഏപ്രിൽ 9 ഞായറാഴ്ച ഉച്ചക്ക് മൂന്ന് മണിക്ക് പുസ്തകോത്സവവേദിയിൽ നടക്കുന്ന സമ്മേളനത്തിൽവെച്ച് അക്കാദമി പ്രസിഡന്റ് വൈശാഖൻ ആദരസമർപ്പണം നടത്തും. ഡോ.എസ്.കെ. വസന്തൻ അധ്യക്ഷത വഹിക്കും. ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് മുരളി പെരുനെല്ലി എംഎൽഎ മുഖ്യാതിഥി ആയിരിക്കും. പി.വി.കെ.പനയാൽ അതിഥികളെ പരിചയപ്പെടുത്തും. ഇ.പി.രാജഗോപാലൻ, ഡോ.കാവുമ്പായി ബാലകൃഷ്ണൻ, പി.ബാലചന്ദ്രൻ, ശിവരാമൻ ചെറിയനാട് എന്നിവർ ആദരപ്രഭാഷണം നിർവഹിക്കും. ആദരിക്കപ്പെട്ടവർ മറുപടിപ്രസംഗം നടത്തും. അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ സ്വാഗതവും ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ.എൻ.ഹരി നന്ദിയും പറയും. ■




ഗാനാർച്ചന : വിദ്യാധരൻമാസ്റ്റർ പാടുന്നു.




പഞ്ചകാവ്യം നൃത്താവിഷ്കാരം

Edited, Printed and Published by Dr.K.P.Mohanan (Secretary) for Kerala Sahitya Akademi, Thrissur - 20
For internal circulation only | Phone & Fax : 0487 2331069 | email : keralasahityaakademi@gmail.com
Printed at Carmel Printers, Thrissur | Photo : Monalisa | Design : Roy Akkara